"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ക്ലീൻ കേരള കമ്പനി ലിമിറ്റഡ് (CKCL) - കമ്പനിയുടെ തനതു ഫണ്ട് ഉപയോഗിച്ച് 8 വാണിജ്യ വാഹനങ്ങളും 1 യാത്രാ വാഹനവും വാങ്ങിയ നടപടി സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ ) വകുപ്പ്**

സ.ഉ.(സാധാ) നം.1266/2026/LSGD തീയതി,തിരുവനന്തപുരം, 07-07-2026

---

പരാമർശം:- ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 27.01.2026,24.02.2026 എന്നീ തീയതികളിലെ എ1/സി.കെ.സി.എൽ/726/2024 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ക്ലീൻ കേരള കമ്പനിയുടെ ബിസിനസ് വികസിപ്പിക്കുന്നതിനായും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എം.സി.എഫ് (MCF)-കളിൽ നിന്നും അജൈവ പാഴ്‌വസ്തുക്കൾ മാറ്റി 'മാലിന്യമുക്തം നവകേരളം' പദ്ധതി സാക്ഷാത്കരിക്കുന്നതിനും കമ്പനിക്ക് വാണിജ്യ വാഹനങ്ങൾ വിവിധ ജില്ലകളിലെ പ്രവർത്തനങ്ങൾക്കായി വളരെ അത്യാവശ്യമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, കമ്പനിയുടെ 06.06.2023-ലെ ബോർഡ് യോഗതീരുമാനപ്രകാരം പരീക്ഷണാടിസ്ഥാനത്തിൽ പാഴ്‌വസ്തു ശേഖരണത്തിനായി വാഹനങ്ങൾ വാങ്ങുന്നതിന് മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് കമ്പനിയുടെ ബിസിനസ് മുഖാന്തരം സ്വരൂപിച്ച തനതു ഫണ്ട് ഉപയോഗിച്ച് താഴെ പറയുന്ന 8 വാണിജ്യ വാഹനങ്ങൾ വിവിധ ജില്ലകളിലെ പ്രവർത്തനങ്ങൾക്കായി വാങ്ങുകയുണ്ടായി.

| ക്രമ നമ്പർ. | വാഹനത്തിന്റെ വിവരങ്ങൾ | രജിസ്ട്രേഷൻ നമ്പർ | ഇൻവോയ്സ് തുക (₹) | ഏജൻസി | അനുവദിച്ച ജില്ല |
|---|---|---|---|---|---|
| | | | | | Thiruvananthapur |

| | | | | | |
|---|---|---|---|---|---|
| 1 | ASHOK Leyland Bada Dost | KL01 DB-4470 | 9,58,400 | EVM Light Commercial Motors | am |
| 2 | Tata 407 | KL01 DD-3128 | 12,79,935 | Gem Portal | Kannur |
| 3 | Tata 407 | KL01 DD-6931 | 12,79,432 | Gem Portal | Kannur |
| 4 | Tata 407 | KL01 DE-5134 | 25,59,865 | Gem Portal | Pathanamthitta |
| 5 | Tata 407 | KL01 DE-5177 | | Gem Portal | Thiruvananthapuram |
| 6 | Tata 407 | KL01 DF-5334 | 26,11,305 | Gem Portal | Thrissur |
| 7 | Tata 407 | KL01 DF-5367 | | Gem Portal | Thiruvananthapuram |
| 8 | ASHOK Leyland Partner | KL01 DH-2414 | 13,00,000 | EVM Light Commercial Motors | Kasaragod |

2.കൂടാതെ, വിവിധ ജില്ലാ കാര്യാലയങ്ങളിലും ഗോഡൗണുകളിലും സന്ദർശനം നടത്തുന്നതിനായി 17-12-2025-ലെ ഡയറക്ടർ ബോർഡ് യോഗ അനുമതിയോടെ GeM Portal മുഖാന്തരം 21,08,886/- രൂപ (ഇരുപത്തൊന്നു ലക്ഷത്തി എണ്ണായിരത്തി എണ്ണൂറ്റി എൺപത്തിയാറു രൂപ മാത്രം) ഇൻവോയ്സ് തുക ചെലവഴിച്ച് ഒരു ഇന്നോവ യാത്രാ വാഹനവും വാങ്ങുകയുണ്ടായി.

3.മേൽപ്പറഞ്ഞ വാഹനങ്ങൾ വാങ്ങുന്നതിനായുള്ള മുഴുവൻ തുകയും കമ്പനിയുടെ തനത് ഫണ്ടിൽ (മാലിന്യ ശേഖരണവും വിപണനവും വഴി ലഭ്യമായ തുക) നിന്നാണ് കണ്ടെത്തിയിട്ടുള്ളതെന്നും, ഇതിനായി സർക്കാർ ഫണ്ടുകൾ ഒന്നും തന്നെ ഉപയോഗിച്ചിട്ടില്ലെന്നും, ഡ്രൈവർമാരുടെ ശമ്പളം, നികുതി തുടങ്ങിയ അനുബന്ധ ചെലവുകൾ തനത് ഫണ്ടിൽ നിന്നാണ് വഹിക്കുന്നതെന്നും മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 10 ലക്ഷം രൂപയിൽ കൂടുതൽ തുക ചെലവഴിച്ചതിനാലും, കമ്പനിയുടെ സുഗമമായ പ്രവർത്തനത്തിന് വാഹനങ്ങൾ ഒഴിച്ചുകൂടാനാവാത്തതായതിനാലും പ്രസ്തുത നടപടികൾക്ക് സർക്കാർ സാധൂകരണം നൽകണമെന്ന് പരാമർശിത കത്തുകൾ പ്രകാരം മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

4.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വാഹനങ്ങൾ ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ പ്രവർത്തനത്തിന് ഒഴിച്ചു കൂടാനാവാത്ത

ഭാഗമായതിനാലും, കമ്പനിയുടെ പ്രവർത്തനത്തിന് എപ്പോഴും സ്വകാര്യ ട്രാൻസ്പോർട്ടർമാരെ പൂർണ്ണമായും ആശ്രയിക്കാൻ കഴിയാത്തതിനാലും, കമ്പനിയുടെ സുഗമമായ പ്രവർത്തനത്തിനായി മുകളിൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള 8 വാണിജ്യ വാഹനങ്ങളും, 1 ഇന്നോവ യാത്രാ വാഹനവും 10 ലക്ഷം രൂപയിൽ കൂടുതൽ തുക ചെലവഴിച്ച് വാങ്ങിയ ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

5.മറ്റ് ജില്ലകളിൽ വാണിജ്യ ആവശ്യങ്ങൾക്കായി വാഹനങ്ങൾ വാങ്ങുന്നതിന് മുൻപായി കമ്പനി ബോർഡിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. ഇപ്രകാരം വാങ്ങാൻ ഉദ്ദേശിക്കുന്ന വാഹനത്തിന്റെ വില 10 ലക്ഷം രൂപയിൽ അധികരിക്കുന്ന പക്ഷം നിർബന്ധമായും സർക്കാരിന്റെ മുൻകൂർ അംഗീകാരം തേടേണ്ടതാണെന്ന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് കർശന നിർദ്ദേശം നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

1.മാനേജിങ് ഡയറക്ടർ ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം.
2.അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ് -ഇ.ആർ.എസ്.എ )കേരളം,തിരുവനന്തപുരം.
3.എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
4.വെബ്&ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
5.കരുതൽ ഫയൽ /ഓഫീസ് കോപ്പി.(IA2/17/2026/LSGD).

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
സെക്ഷൻ ഓഫീസർ
Date: 07-07-2026 11:25:55